**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 854** **14-10-2026-ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നത് തടയാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** കാലാവസ്ഥാ വ്യതിയാനം മൂലം വനമേഖലകളിലെ ജല-ഭക്ഷ്യലഭ്യതയിലും വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥയിലും സഞ്ചാരരീതികളിലും ഉണ്ടാകുന്ന മാറ്റങ്ങളുടെ ഫലമായി വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്കും കൃഷിയിടങ്ങളിലേക്കും ഇറങ്ങുന്ന സംഭവങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വന്യജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ ഭക്ഷ്യ-ജല സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വനത്തിനകത്ത് കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ചും പരിപാലിച്ചും വരുന്നുണ്ട്. ജലസ്രോതസ്സുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്തും അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്തു മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയും ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. വയലുകളും പുൽമേട്ടുകളും സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഇക്കോ റിസ്റ്റോറേഷൻ പോളിസി പ്രകാരം നോർത്തേൺ സർക്കിളിൽ 289.11 ഹെ. വ്യാവസായിക ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളായി മാറ്റിയിട്ടുണ്ട്. സെന്ന, ലന്താന ഉൾപ്പെടെയുള്ള വിദേശ അധിനിവേശ സസ്യങ്ങൾ വനമേഖലയിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യുന്ന പ്രവൃത്തിയും നടന്നുവരുന്നു.

ഇത് കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടക്കുന്നത് തടയാൻ സോളാർ വേലികൾ, സോളാർ സൗരോർജ്ജ വേലികൾ, ആനക്കിടങ്ങുകൾ, സ്മാർട്ട് ഫെൻസുകൾ തുടങ്ങിയ പ്രതിരോധ നിർമ്മിതികളിൽ അനുയോജ്യമായവയും നിർമ്മിച്ച് പരിപാലിച്ചു വരുന്നു.

**(ബി)** പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കൃഷിനാശത്തിന് കാരണമാകുന്ന വന്യമൃഗശല്യം തടയുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** പേരാമ്പ്ര നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങൾ കാർഷിക മേഖലകളിലേക്ക് ഇറങ്ങി കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി സോളാർ ഫെൻസുകൾ സ്ഥാപിച്ചിട്ടുണ്ട്. പെരുവണ്ണാമൂഴി റെയിഞ്ചിൽ നടപ്പിലാക്കി വരുന്ന 18 കി.മീ. ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് പ്രവൃത്തിയിൽ 7.50

കി.മീ. പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. മണ്ഡലത്തിലെ വനമേഖലയിലെ സ്വാഭാവിക കുളങ്ങൾ പുനരുജ്ജീവിപ്പിച്ചും പുതിയ കുളങ്ങളും തടയണകളും നിർമ്മിച്ചും മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയും വന്യജീവികൾക്ക് വനത്തിനുള്ളിൽ തന്നെ ഭക്ഷ്യ-ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**